# എം. ഗംഗാധരന്റെ വെളിപാടുകൾ

■ *"ഏറ്റവും സെക്യുലറായ പാർട്ടി മുസ്‌ലിം ലീഗാണ്. പക്ഷേ, മുസ്‌ലിം ലീഗിന് വേണ്ടത്ര ജനങ്ങളെ സമീപിക്കാനുള്ള കഴിവ് കുറവാണ്. കാരണം അവർക്ക് മീഡിയകളെ ഉപയോഗിക്കാനറിയില്ല. മറിച്ച് ജമാഅത്തെ ഇസ്‌ലാമി ഒരുവിധത്തിലും സ്വീകരിക്കാൻ പറ്റാത്ത രാഷ്ട്രീയ ആശയമുള്ള കൂട്ടരാണ്. അവർ സെക്യുലരിസത്തിനെതിരാണ്; ജനാധിപത്യത്തിനെതിരാണ്. പക്ഷേ, അവരാണ് ജനങ്ങൾക്കിടയിലേക്ക് പത്രങ്ങൾ മുഖേന ഇറങ്ങുന്നത്. അവരുടെ ആശയങ്ങൾ ആ പത്രങ്ങൾ മുഖേന അവർ പ്രചരിപ്പിക്കുന്നില്ല. മാധ്യമത്തിലെവിടെയും മൗദൂദി എന്ന വാക്ക് നമുക്കാർക്കും കാണാൻ കഴിയില്ല. അതൊക്കെ അവർ വളരെ സൂക്ഷിച്ചേ ചെയ്യാറുള്ളൂ. മുസ്‌ലിം ലീഗ് അണികളെ കൊണ്ടു പോലും മാധ്യമം വായിപ്പിക്കുന്ന ഒരവസ്ഥയിലേക്ക് ജമാഅത്തെ ഇസ്‌ലാമിയുടെ സ്വാധീനം വളർന്നു." അതേ അഭിമുഖത്തിൽ: ഹമീദ് ചേന്ദമംഗല്ലൂരോ എം.എൻ കാരശ്ശേരിയോ ക്രിട്ടിക്കൽ ഇൻസൈഡർമാരല്ല, ആർ.എസ്.എസ്സുകാരും ബി.ജെ.പിക്കാരുമാണ് ഇവിടെ വളരെയധികം മുസ്‌ലിം വിരോധം പ്രചരിപ്പിക്കുന്നത്, ഏത് മന്ത്രിസഭ വന്നാലും കേരളത്തിൽ ക്രിസ്ത്യാനികൾക്കാണ് ലാഭം, ഒരു മുസ്‌ലിം സാംസ്കാരിക പക്ഷത്തെക്കുറിച്ച് ലീഗിന് വേണ്ടത്ര ജാഗ്രതയില്ല, ജമാഅത്തെ ഇസ്‌ലാമിയുടെയും സോളിഡാരിറ്റിയുടെയും സാമൂഹിക ഇടപെടലുകളെ സംശയത്തോടെയാണ് കാണുന്നത്, ആക്ടിവിസം അവർക്ക് മറയാണ്, യാതൊരു സാമൂഹിക ബോധവുമില്ലാത്തവരാണ് ഇപ്പോഴത്തെ മുസ്‌ലിം സംഘടനാ നേതാക്കൾ എന്നൊക്കെ എം. ഗംഗാധരൻ താഹാ മാടായിയുമായി നടത്തിയ മുഖാമുഖത്തിൽ പറയുന്നുണ്ട് (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2010 മേയ് 23). പ്രതികരണം?*

***എ.പി മുഹമ്മദ് കോയ ശാന്തപുരം***

**ച**രിത്ര പണ്ഡിതനും സാംസ്കാരിക നായകനുമായി അറിയപ്പെടുന്ന ഡോ. എം. ഗംഗാധരന് പലതിലും സ്വന്തമായ അഭിപ്രായങ്ങളുണ്ട്. അവയിൽ മിക്കതിനോടും യോജിക്കാൻ പ്രയാസമാണ്. ജപ്പാന്റെ ഭാഗ്യം അവിടെ മുസ്‌ലിംകളും കമ്യൂണിസ്റ്റുകളും ഇല്ല എന്നതാണെന്ന് ആർ.എസ്.എസ്സിന്റെ *കേസരി* വാരികയിൽ തുറന്നെഴുതിയിരിക്കുന്നു ഗംഗാധരൻ മാഷ്. കടുത്ത ആർ.എസ്.എസ്സുകാരൻ പോലും അങ്ങനെ തുറന്നു പറയാറില്ല. മുസ്‌ലിംകളും കമ്യൂണിസ്റ്റുകാരുമാണ് ഇന്ത്യയുടെ ശാപം എന്നാണല്ലോ ഭംഗ്യന്തരേണ അതിന്റെ പൊരുൾ. അപ്പോൾ 'സെക്യുലറല്ലാത്ത' ജമാഅത്തെ ഇസ്‌ലാമി മാത്രമല്ല സെക്യുലറായ മുസ്‌ലിം ലീഗും ഉൾപ്പെടുന്ന സമുദായത്തെയാകെ അദ്ദേഹം വെറുക്കുന്നു എന്ന് ധരിക്കേണ്ടിവരും. ഇതിനദ്ദേഹത്തെ പ്രേരിപ്പിച്ച ചേതോവികാരം വ്യക്തമല്ല. ലൈംഗിക സദാചാരത്തെക്കുറിച്ച അദ്ദേഹത്തിന്റെ വീക്ഷണവും അരാജകത്വവാദികളുടേതാണ്.

സെക്യുലരിസത്തെക്കുറിച്ച ജമാഅത്തെ ഇസ്‌ലാമിയുടെ വീക്ഷണം ഗംഗാധരനെപ്പോലുള്ളവരുടേതിൽനിന്ന് തികച്ചും ഭിന്നമാണ്. മതത്തെ വേണമെന്നുള്ളവർക്ക് ദൈവവും താനും തമ്മിലെ സ്വകാര്യ ഇടപാടായി കൊണ്ടുനടക്കാം എന്നതാണ് ഭൗതികവാദികളുടെ സെക്യുലരിസം. ഈ അർഥത്തിലുള്ള ഒരു സെക്യുലരിസമാണോ മുസ്‌ലിം ലീഗ് അംഗീകരിക്കുന്നതെന്ന് ആ പാർട്ടിയാണ് വ്യക്തമാക്കേണ്ടത്. ജമാഅത്തെ ഇസ്‌ലാമി അത് പൂർണമായും നിരാകരിക്കുന്നു. മനുഷ്യജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും മാർഗദർശനത്തിനായി സ്രഷ്ടാവായ ദൈവം അവതരിപ്പിച്ച ആദർശസംഹിതയാണ് ഇസ്‌ലാം എന്നതാണ് ജമാഅത്തിന്റെ ഉറച്ച വിശ്വാസം. അതോട് പൊരുത്തപ്പെ

ടാത്ത ഏത് ഇസത്തോടും സംഘടന വിയോജിക്കുന്നു. സ്റ്റേറ്റ് ഒരു സമുദായത്തോടും ജാതിയോടും പക്ഷപാതപരമായി പെരുമാറുകയില്ലെന്നും എല്ലാവർക്കും തുല്യപരിഗണന ലഭിക്കണമെന്നുമുള്ള മതനിരപേക്ഷതയെ മാത്രമേ ജമാഅത്തെ ഇസ്‌ലാമി പിന്തുണക്കുന്നുള്ളൂ. അത്തരമൊരു നിലപാട് സ്വീകരിക്കാൻ ഇന്ത്യൻ ഭരണഘടന സ്വാതന്ത്ര്യം നൽകുന്നുണ്ട് താനും.

ഇസ്‌ലാമിക തത്ത്വങ്ങൾ മാനവ സമൂഹത്തിന് ദ്രോഹകരവും വിനാശകരവുമല്ലെങ്കിൽ മൗദൂദിയുടെ ചിന്തകളും അങ്ങനെത്തന്നെ. കാരണം മൗദൂദി സ്വന്തമായൊരു മതമോ ദർശനമോ അവതരിപ്പിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കാഴ്ചപ്പാടും വ്യാഖ്യാനങ്ങളും മൗലികമായി ഇസ്‌ലാമികമല്ലെന്ന് പണ്ഡിതോചിതമായി ഇന്നുവരെ ആരും തെളിയിച്ചിട്ടുമില്ല. അതിനാൽ മൗദൂദിയെ ജമാഅത്ത് തള്ളിപ്പറയുന്ന പ്രശ്നമില്ല. എല്ലാ വിഷയങ്ങളിലും മൗദൂദിയുടെ എല്ലാ വീക്ഷണങ്ങളോടും സംഘടന യോജിക്കണമെന്ന് അദ്ദേഹം പോലും ആവശ്യപ്പെട്ടിട്ടില്ല. സ്വീകരിക്കാവുന്നതും നിരാകരിക്കാവുന്നതുമായ കാര്യങ്ങൾ അദ്ദേഹത്തിന്റെ ചിന്തകളിലുമുണ്ട്. തുടക്കം മുതൽക്കേ ഇക്കാര്യത്തിൽ ജമാഅത്തിന്റെ നിലപാട് അന്ധമായ അനുകരണത്തിന്റേതല്ല.

*മാധ്യമം* മൗദൂദിയുടെയോ ജമാഅത്തെ ഇസ്‌ലാമിയുടെയോ വീക്ഷണഗതികൾ ജനങ്ങളിലേക്കെത്തിക്കാൻ വേണ്ടി ആരംഭിച്ച പത്രമല്ല. ആ വീക്ഷണഗതികളെ തള്ളിപ്പറയുന്നതും അതിന്റെ നയമല്ല. ഓരോ വിഷയത്തിലും സത്യവും നീതിയും ധർമവും നോക്കി നിലപാടെടുക്കുന്നു. അത് മനസ്സിലാക്കിതന്നെയാണ് ജനങ്ങൾ അതിന്റെ വരിക്കാരും വായനക്കാരുമായതും. ഇരുപത്തിമൂന്ന് കൊല്ലമായി ഹമീദിനെ പോലുള്ളവർ *മാധ്യമ*ത്തിന്റെ 'പൊയ്മുഖം' പിച്ചിച്ചീന്താൻ തുടങ്ങിയിട്ട്. എന്നിട്ടും ജനങ്ങൾക്കത് ബോധ്യപ്പെട്ടില്ലെങ്കിൽ ഇക്കൂട്ടർ ഈ പാഴ്‌വേല അവസാനിപ്പിക്കുന്നതാണ് നല്ലത്. ലീഗുകാർ മാത്രമല്ല ഗംഗാധരൻ മാഷും *മാധ്യമ*ത്തിന്റെ വായനക്കാരനാണ്. ഇക്കാലമത്രയും *മാധ്യമ*ത്തിന്റെ മുഖംമൂടി അദ്ദേഹത്തിന് തിരിച്ചറിയാൻ കഴിഞ്ഞില്ലെന്നാണോ?

ഹമീദ് ചേന്ദമംഗല്ലൂരോ എം.എൻ കാരശ്ശേരിയോ ക്രിട്ടിക്കൽ ഇൻസൈഡർമാരല്ല എന്ന് വൈകിയെങ്കിലും ഗംഗാധരൻ മാഷ് മനസ്സിലാക്കിയല്ലോ, നല്ലത്. അവരെന്തുകൊണ്ട് അങ്ങനെയായി എന്നാണാലോചിക്കേണ്ടത്. സമുദായം എന്തെല്ലാം വിശ്വസിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ അവയെല്ലാം നിരാകരിക്കുകയും  എതിർക്കുകയും ചെയ്യുന്നവരെ യഥാർഥ ഗുണകാംക്ഷികളായി ആരും കാണില്ല; ഒറ്റുകാരായി മാത്രമേ കണക്കാക്കൂ.

മുസ്‌ലിം ലീഗ് സാമുദായിക രാഷ്ട്രീയ പാർട്ടിയാണ്. സാംസ്കാരിക രംഗം അത് മത സാംസ്കാരിക സംഘടനകൾക്ക് വിട്ടുകൊടുത്തിരിക്കുന്നു. സാംസ്കാരിക രംഗത്ത് എന്തെങ്കിലും സംഭാവനകളർപ്പിക്കാൻ ലീഗിന് കഴിയണമെങ്കിൽ സംസ്കരണപരമായ അജണ്ട വേണം. അത് വോട്ട് ബാങ്ക് രാഷ്ട്രീയത്തിന് തടസ്സമാവും. ജമാഅത്തെ ഇസ്‌ലാമിയുടെയും സോളിഡാരിറ്റിയുടെയും സാമൂഹിക ഇടപെടൽ തീർത്തും ഇസ്‌ലാമിക സാമൂഹിക ബോധത്തിന്റെയും ചുമതലയുടെയും ഭാഗമാണ്. അതൊന്നിന്റെയും മറയല്ല. ഒളി അജണ്ടയും അതിനില്ല. ഉണ്ടെന്ന് ഗംഗാധരന് അഭിപ്രായമുണ്ടെങ്കിൽ അതദ്ദേഹം തെളിയിക്കണം. പീഡിത ദുർബല ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരികയായിരുന്നു ഖുർആനിക അധ്യാപന പ്രകാരം പ്രവാചക ദൗത്യം. ആ ദൗത്യമാണ് ഇസ്‌ലാമിക പ്രസ്ഥാനവും നിർവഹിക്കുന്നത്.

## ഒറ്റപ്പെട്ട സംഘടന?

■ *ആലുവ: ജമാഅത്തെ ഇസ്‌ലാമി മുസ്‌ലിം വിഭാഗത്തിലെ ഒറ്റപ്പെട്ട സംഘടനയാണെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ. അടുത്ത കാലത്തായി സമൂഹത്തിൽ സംഘടനക്ക് മാന്യത വരുത്താൻ ജമാഅത്തെ ഇസ്‌ലാമി ശ്രമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് സോളിഡാരിറ്റിയെന്ന പേരിൽ യുവജന സംഘടനയുണ്ടാക്കിയത്.*

*ദേശീയ-സാർവദേശിയ തലത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് ബന്ധങ്ങളുണ്ട്. നാടിന്റെ പുരോഗതിയെ എതിർക്കലാണ് സോളിഡാരിറ്റിയുടെ പണി. ഇതിന് മാതൃസംഘടന എല്ലാ സഹായവും നൽകുന്നു. ആൾബലമില്ലാത്ത സംഘടനയാണ് സോളിഡാരിറ്റി. എന്നാൽ എൽ.ഡി.എഫിനെ എതിർക്കുന്നതിനാൽ പലരും ഇവരെ സഹായിക്കുന്നു. ഇത്തരം ആളുകൾ കൂടിച്ചേർന്നുണ്ടാക്കിയ സമിതിയാണ് കിനാലൂരിൽ സമരവുമായി രംഗത്തുവന്നത് (മാധ്യമം 2010 മെയ് 16 ബുധൻ). കിനാലൂരിലെ പ്രശ്നവുമായി ബന്ധപ്പെട്ട് പിണറായി വിജയന്റെ പ്രസ്താവനയോട് മുജീബിന്റെ പ്രതിക*

*രണം?*

***മുബീൻ ഇബ്റാഹീം തൃക്കരിപ്പൂർ***

**എ**ല്ലാ ആദർശ സംഘടനകൾക്കുമുണ്ടാവും ഇതര സംഘടനകളിൽനിന്നതിനെ വേർതിരിക്കുന്ന സ്വത്വപരമായ സവിശേഷതകൾ. ആ നിലയിൽ ജമാഅത്ത് ഒറ്റപ്പെട്ട സംഘടന തന്നെയാണ്; സി.പി.എം ഒറ്റപ്പെട്ട പോലെ തന്നെ. എന്നാൽ പൊതുതാൽപര്യമുള്ള വിഷയങ്ങളിൽ ജമാഅത്തിന് ഇതര മുസ്‌ലിം സംഘടനകളിൽനിന്ന് ഒരുവിധ ഒറ്റപ്പെടലും ഇല്ല. ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സനൽ ലോ ബോർഡ്, ആൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറ തുടങ്ങിയ സമുദായത്തിന്റെ പൊതുവേദികളിൽ സജീവ ഘടകമാണ് ജമാഅത്ത്. ജനാധിപത്യത്തിനും സാമുദായിക സൗഹാർദത്തിനുമായുള്ള മതനിരപേക്ഷ വേദിയായ എഫ്.ഡി.സി.എയിലും ജമാഅത്തിന് നേതൃത്വപരമായ പങ്കുണ്ട്. ബംഗാളിലെ സിംഗൂർ, നന്ദിഗ്രാം സമരങ്ങളിലും പീഡിതരുടെ കൂട്ടായ്മകളിലും ജമാഅത്ത് പങ്കുവഹിച്ചു; വ്യാജ ഏറ്റുമുട്ടൽ കൊലപാതകങ്ങൾക്കെതിരെയുള്ള ജനകീയ പ്രക്ഷോഭങ്ങളിൽ ജമാഅത്ത് മുൻനിരയിലുണ്ട്. തെലുങ്കാന പ്രക്ഷോഭത്തിൽ ജമാഅത്ത് സംഘടിപ്പിച്ച ബഹുജന റാലിയിൽ തെലുങ്കാന രാഷ്ട്രീയ സമിതി നേതാക്കൾ ഉൾപ്പെടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പങ്കാളികളായി. പലിശരഹിത ബാങ്കിംഗിനായുള്ള ബോധവത്കരണത്തിലും മറ്റു സംരംഭങ്ങളിലും ജമാഅത്തിന്റെ പങ്ക് ഒഴിച്ചുകൂടാനാവാത്തതായി മറ്റുള്ളവർ അംഗീകരിക്കുന്നു. ഗുജറാത്ത് കലാപത്തിലെ ഇരകൾക്കായി ഇന്നും കർമരംഗത്തുള്ളത് ജമാഅത്തെ ഇസ്‌ലാമിയാണെന്നത് സുവിദിതമാണ്. പിന്നെ എവിടെയാണ് ഒറ്റപ്പെടൽ?

ദേശീയ-സാർവദേശീയ ബന്ധങ്ങളെ മറ്റാര് ചോദ്യം ചെയ്താലും ഒരു കമ്യൂണിസ്റ്റ് നേതാവ് അത് അഹിതകരമായി കാണാൻ പാടില്ല. ലോകത്തെങ്ങുമുള്ള കമ്യൂണിസ്റ്റ് പാർട്ടികളുമായി സി.പി.എമ്മിന് ബന്ധങ്ങളില്ലേ? പാർട്ടിയുടെ ദേശീയ സമ്മേളനങ്ങളിൽ മറ്റു രാജ്യങ്ങളിൽനിന്നുള്ള സൗഹാർദ പ്രതിനിധികൾ പങ്കെടുക്കാറില്ലേ? സി.പി.എമ്മിന് അതൊക്കെ ആവാമെങ്കിൽ ഇസ്‌ലാമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിക്കും ലോകത്തിലെ ഇതര ഇസ്‌ലാമിക പ്രസ്ഥാനങ്ങളുമായി സൗഹൃദമാവാം. അത് ദേശീയവിരുദ്ധമോ ഭരണഘടനാവിരുദ്ധമോ അല്ല. സൗഹൃദത്തിനപ്പുറത്ത് ബന്ധങ്ങളുമില്ല.

സോളിഡാരിറ്റി എൽ.ഡി.എഫിനെ എതിർക്കുന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ഇടതുമുന്നണി സർക്കാറിന്റെ ജനവിരുദ്ധ നിലപാടുകളെ എതിർക്കുന്നു എന്നതാണ് ശരി. ജനപക്ഷ നടപടികളെ പിന്തുണക്കുകയും ചെയ്യുന്നു. എല്ലാ നടപടികളെയും കണ്ണടച്ച് പിന്താങ്ങാൻ സോളിഡാരിറ്റി ഡി.വൈ.എഫ്.ഐ അല്ലല്ലോ (അവർ പോലും ചില കാര്യങ്ങളിൽ അമർഷം ഉള്ളിലൊതുക്കുകയാണ്).

## രാഷ്ട്രീയത്തിൽനിന്ന് മതത്തെ അകറ്റണമോ?

■ *രാഷ്ട്രീയത്തിൽനിന്ന് മതത്തെ മാറ്റിനിർത്തിയാലേ ഭാരതത്തിന്റെ മതേതരത്വം ശക്തിപ്പെടൂ എന്ന് അസ്ഗറലി എഞ്ചിനീയർ പറഞ്ഞു (മാതൃഭൂമി 26.5.2010).*
*'ദേശീയോദ്ഗ്രഥനവും യുവജനങ്ങളും' എന്ന സെമിനാറിൽ തേഞ്ഞിപ്പലത്ത് വെച്ച് നടന്ന ചർച്ച ഉദ്ഘാടനം ചെയ്ത അസ്ഗറലി എഞ്ചിനീയറുടെ വാക്കുകൾ. പ്രതികരണം?*

***ഹാജറ കടന്നമണ്ണ***

**ഇ**ന്ത്യയിലെ ഏതെങ്കിലും പാർട്ടിയോ പ്രസ്ഥാനമോ മതത്തെ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവരണമെന്ന് വാദിക്കുന്നുണ്ടോ എന്നതാണ് അടിസ്ഥാനപരമായ ചോദ്യം. അംഗീകൃത രാഷ്ട്രീയ പാർട്ടികളൊന്നും അങ്ങനെ വാദിക്കുന്നില്ല. ജനാധിപത്യം, സെക്യുലരിസം, സോഷ്യലിസം എന്നീ ആദർശങ്ങളിൽ വിശ്വസിക്കുന്നതായി പാർട്ടി ഭരണഘടനയിൽ രേഖപ്പെടുത്തിയ സംഘടനകൾക്കേ തെരഞ്ഞെടുപ്പ് കമീഷന്റെ അംഗീകാരം കിട്ടൂ; മത്സരിക്കാനും പറ്റൂ. ബി.ജെ.പിയും അകാലിദളും മുസ്‌ലിം ലീഗുമൊക്കെ അത് അംഗീകരിച്ചവരാണ്. ഇങ്ങനെ അംഗീകരിച്ച ശേഷവും പാർട്ടികൾ മതത്തെയും ജാതിയെയും രാഷ്ട്രീയ താൽപര്യങ്ങൾക്കായി ഉപയോഗിക്കുന്നു എന്നതാണ് പ്രശ്നം. അത് നിയമത്തിന്റെ ദുരുപയോഗമാണ്. തെളിയിക്കപ്പെട്ടാൽ സ്ഥാനാർഥികളുടെ ഇലക്ഷൻ റദ്ദാക്കാം; പി.സി തോമസിന്റേത് റദ്ദാക്കിയതുപോലെ. പക്ഷേ, പരോക്ഷമായാണ് പല പാർട്ടികളും ജാതിയെയും മതത്തെയും ദുരുപയോഗിക്കുന്നത് എന്നതുകൊണ്ട് പിടിക്കപ്പെടാതെ പോവുന്നു.

ആർ.എസ്.എസ്സിനെക്കുറിച്ചാണ് മതത്തെ രാഷ്ട്രീയവുമായി കൂട്ടിക്കുഴക്കുന്നു എന്ന പരാതി. ആർ.എസ്.എസ് രാഷ്ട്രീയ പാർട്ടിയല്ല. അവരുടേത് മതരാഷ്ട്രവാദമായി വ്യാഖ്യാനിക്കാനും എളുപ്പമല്ല. കാരണം, ഹൈന്ദവ ദേശീയതയാണ് സംഘിന്റെ ഭൂമിക. ദേശീയതയും മതവും വേർതിരിക്കാനാവാത്ത വിധം കൂടിക്കുഴഞ്ഞിരിക്കുന്നു.

ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് ഈയാരോപണം തീർത്തും അടിസ്ഥാനരഹിതവും അസംബന്ധവുമാണ്. ജമാഅത്ത് രാഷ്ട്രീയ പാർട്ടിയല്ല, ആവുകയുമില്ല എന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. അതിനൊരു രാഷ്ട്രീയമുണ്ട്. അത് വിശ്വമാനവികതയിലും ധാർമികതയിലും അധിഷ്ഠിതമായ രാഷ്ട്രീയമാണ്. ഇസ്‌ലാമിനെ കേവലമൊരു മതമായി അത് അംഗീകരിക്കുന്നേയില്ല. ഇസ്‌ലാമിനെ മതമായി കാണുന്ന സങ്കുചിത സാമ്പ്രദായിക മത സംഘടനകളാണ് ഈ മുറവിളി ഉയർത്തുന്നത്. അവരുടെ മതസങ്കൽപം അവർ ജമാഅത്തിന്റെ മേൽ വെച്ചുകെട്ടുകയാണ്. അതിന് സംഘടന ഉത്തരവാദിയല്ല. പൗരോഹിത്യം ഇസ്‌ലാമിലുണ്ടെന്നോ പുരോഹിതന്മാർ രാഷ്ട്രീയത്തിലിറങ്ങണമെന്നോ മതത്തിന്റെ പേരിൽ വോട്ട് ചെയ്യണമെന്നോ ആവശ്യപ്പെടാത്ത ഒരു പ്രസ്ഥാനം എങ്ങനെയാണ് മതരാഷ്ട്രവാദികളാവുക? ആടിനെ തല്ലിക്കൊല്ലാൻ പട്ടിയാക്കുന്ന വിദ്യയാണ് അവിടെ പ്രയോഗിക്കപ്പെടുന്നത്. 'ദൈവരാജ്യം' മൗലാനാ മൗദൂദിക്ക് മുമ്പ് ശക്തമായി ഉയർത്തിപ്പിടിച്ച മഹാന്മാരാണ് അല്ലാമാ ഇഖ്ബാലും മൗലാനാ അബുൽ കലാം ആസാദും. രണ്ടു പേരും മതരാഷ്ട്രവാദികളായിരുന്നുവോ? മതേതര നാട്യക്കാർ മറുപടി പറയണം.

## യുക്തിവാദികളും സ്ത്രീകളും

■ *സ്ത്രീകളെ കെട്ടിയിടുന്നത് മതങ്ങളാണെന്ന് പറയുന്ന യുക്തിവാദികൾ നടത്തിയ സംവാദത്തിൽ സ്റ്റേജിലും സദസ്സിലും സ്ത്രീകൾ ഇല്ലാത്തതെന്തുകൊണ്ട് എന്ന് മെയ് 23-ന് പെരിന്തൽമണ്ണയിൽ നടന്ന 'മതവും സംസ്കാരവും' എന്ന സംവാദത്തിൽ വെച്ച് ഞാൻ ചോദിച്ചിരുന്നു. യുക്തിവാദികളെ കൈയോടെ പിടികൂടുക എന്ന ഉദ്ദേശ്യം വെച്ചായിരുന്നു ഈ ചോദ്യം. ഇസ്‌ലാമിനെയും പ്രത്യേകിച്ച് ജമാഅത്തെ ഇസ്‌ലാമിയെയും പരിഹസിച്ച് സംസാരിക്കുകയും കേരളത്തിൽ തേങ്ങ സുലഭമായി ലഭിക്കുന്നതുകൊണ്ട് കാരക്ക കൊണ്ടല്ല തേങ്ങാപ്പൂളുകൊണ്ടാണ് നോമ്പ് തുറക്കേണ്ടതെന്ന ഫത്‌വ ഇറക്കുകയും ചെയ്ത യുക്തിവാദി നേതാവ് ഇ.എ ജബ്ബാറായിരുന്നു ഇതിന് മറുപടി നൽകിയത്. 'യുക്തിവാദികളുടെ നെഞ്ചിൽ തറക്കേണ്ട ചോദ്യമാണിത്. യുക്തിവാദികളുടെ വീട്ടിലുള്ള സ്ത്രീകൾ വിരിപ്പ് വിരിക്കാനുള്ളവരോ പുരുഷന്മാരുടെ ജഡ്ഡി അലക്കി കഴിഞ്ഞുകൂടാനുള്ളവരോ അല്ല. അവരെയും ഇത്തരം പരിപാടിയിൽ കൊണ്ടുവരാൻ യുക്തിവാദികൾ ശ്രദ്ധിക്കണം. പടിഞ്ഞാറായിരുന്നുവെങ്കിൽ ഇത്തരം പരിപാടിയിൽ സ്ത്രീകളെ അനേകം കാണാമായിരുന്നു'- ഇതായിരുന്നു ഉത്തരം. യുക്തിവാദികളുടെ കുടുംബമേളയിൽ പോലും സ്ത്രീകൾ കുറവായതിന്റെ പേരിൽ വിമർശനം നേരിടുന്നു. മുജീബിന്റെ പ്രതികരണം?*

***എം.സി ഇഖ്ബാൽ മോങ്ങം***

**യു**ക്തിവാദികളുടെ സംവാദത്തിലും കുടുംബമേളയിലും സ്ത്രീകൾ പങ്കെടുക്കാൻ പുരുഷന്മാർ വിചാരിച്ചാൽ പോരാ, അവരുടെ സ്ത്രീകളും തീരുമാനിക്കണം. യുക്തിവാദികളുടെ ഭാര്യമാരിൽ മിക്കവരും യുക്തിവാദികളല്ല, വിശ്വാസികളാണ്. വിശ്വാസികളെ ബലം പ്രയോഗിച്ച് യുക്തിവാദികളാക്കുന്നത് യുക്തിയല്ല. ബലപ്രയോഗം ഫലിക്കുകയുമില്ല. സ്വന്തം ഭാര്യമാരെ പോലും വിശ്വസിപ്പിക്കാനാവാത്ത യുക്തിവാദത്തോട് സഹതപിക്കുകയല്ലാതെ എന്തു ചെയ്യും.

## സ്ത്രീയുടെ സാമൂഹിക ഇടപെടൽ

■ *സ്ത്രീകളെ പൊതുവേദിയിൽ പങ്കെടുപ്പിച്ചു എന്നാക്രോശിച്ച് ശാപപ്രാർഥന നടത്തിയവർ, അവരുടെ സാമുദായിക രാഷ്ട്രീയ സംഘടന സ്ത്രീകളെ പൊതുവേദിയിൽ പ്രദർശിപ്പിച്ചപ്പോൾ ശാപപ്രാർഥന നടത്താത്തതെന്തുകൊണ്ടാണ്?*

***എ.ആർ ചെറിയമുണ്ടം***

**ഊ**രാക്കുടുക്കിലാണ് സമസ്തയും മുസ്‌ലിം ലീഗും ചെന്നുപെട്ടിരിക്കുന്നത്. സ്ത്രീ കെട്ടിയോന്റെ വിനീത വിധേയ ദാസിയായി, ചോറ്റിനും പേറ്റിനുമുള്ള യന്ത്രമായി, നേർച്ചക്കും പൂരത്തിനും മാത്രം പുറത്തിറങ്ങി ജീവിക്കണമെന്നാണ് 'സമസ്ത' പണ്ഡിതന്മാരുടെ ഫത്‌വ. പഞ്ചായത്തിലും നഗരസഭകളിലും സ്ത്രീ സംവരണം അമ്പതു ശതമാനമാക്കിയതോടെ മുസ്‌ലിം ലീഗിനാവട്ടെ പെണ്ണു

ങ്ങളെ പുറത്തിറക്കാതെയും വയ്യ. ജമാഅത്തെ ഇസ്‌ലാമിയുടെ കുറ്റിപ്പുറം വനിതാ സമ്മേളനം കൂടിയായപ്പോൾ ബേജാറ് പിടിച്ച ലീഗ് പരക്കെ വനിതാ കൺവൻഷനുകൾ വിളിച്ചുചേർക്കുന്ന തിരക്കിലാണ്. അതോടെ ലഅ്നത്തിന് പ്രാർഥന നടത്തിയവർ മൗനികളായി. ഇൻതിസ്വാബിന് കടപ്പുറത്തെത്തിയപ്പോൾ കുറ്റിപ്പുറത്ത് പെണ്ണുങ്ങളെ പുറത്തിറക്കിയതിനെതിരെ ആക്രോശിച്ച ചെറുശ്ശേരി ലീഗ് വനിതകൾ ജില്ലാ സമ്മേളനങ്ങളുമായി നടക്കുമ്പോൾ മിണ്ടുന്നില്ല. കരുണാവാരിധിയായ അല്ലാഹു ജമാഅത്തുകാരെ മാത്രമേ ശിക്ഷിക്കൂ എന്നുണ്ടോ? അതല്ല, സ്ത്രീകളെ പുറത്തിറക്കുന്നത് പാപമല്ലെങ്കിൽ ജമാഅത്തെ ഇസ്‌ലാമി ചെയ്യുന്നത് മാത്രം പാപമാവുന്നതെങ്ങനെ? ഇഷ്ടമില്ലാ പട്ടി തൊട്ടതെല്ലാം കുറ്റം എന്നാണോ? ■